HON'BLE MR. T. K. NARAYANA PILLAI : ഇതുവരെ ഗവണ്മെൻറിന്റെ അറിവിൽപ്പെട്ടിട്ടില്ല. ഇനി വേണമെങ്കിൽ അറിവിൽപ്പെടുത്താം.

MR. T. T. KESAVAN SASTRI (*Kunnathunadu I—Pulaya*) : സമുദായത്തേയും മതത്തേയും ഗവണ്മെൻറു് ഒന്നായിട്ടാണോ രണ്ടായിട്ടാണോ കരുതുന്നതു്?

HON'BLE MR. T. K. NARAYANA PILLAI : സമുദായത്തെ സമുദായമായിട്ടും മതത്തെ മതമായിട്ടുമാണു കരുതുന്നതു്.

MR. P. M. VARGHESE : ഇന്നത്തെ ഗവണ്മെൻറിന്റെ നയം അനുസരിച്ചു് പിന്നോക്കസമുദായക്കാർക്കു് മതസ്വാതന്ത്ര്യം അംഗീകരിച്ചിട്ടില്ലെന്നറിയാമോ?

HON'BLE MR. T. K. NARAYANA PILLAI : മതസ്വാതന്ത്ര്യം അനുവദിക്കണമെന്നാണു് ഗവണ്മെൻറിന്റെ നിശ്ചിതമായ നയം.

MR. P. M. VARGHESE : അങ്ങിനെയാണെങ്കിൽ മതം മാറുമ്പോൾ അവർക്കു് അനുവദിച്ചിട്ടുള്ള സൗജന്യങ്ങൾ നഷ്ടപ്പെടുന്നതു് എന്തുകൊണ്ടാണു്?

HON'BLE MR. T. K. NARAYANA PILLAI : അതു് മതസ്വാതന്ത്ര്യം എന്നതിന്റെ നിർവചനത്തെ അസ്പഷ്ടമാക്കിയാണിരിക്കുന്നതു്.

System of appointing teachers.

*584. MR. K. S. JOSEPH : Will the Hon'ble Minister for Education be pleased to state :

(*a*) whether there are instances where one teacher has to teach in more than one school at a time;

(*b*) whether English teachers have been appointed in all the Primary Schools for the 5th Class and for the Middle School classes;

(*c*) whether holders of M. H. and V. H. Certificates have been appointed in any school as English teachers;

(*d*) if not is it the policy not to appoint them as English teachers;

(*e*) what is the minimum necessary qualification for an English teacher?

HON'BLE MR. N. KUNJURAMAN ; (*a*) No. In view of the paucity for E. S. L. C. hands in General a few E. S. L. C. hands have been asked to teach English in more than one school as a temporary measure;

LIBRARY ARCHIVES Kerala Legislative Assembly

[Hon'ble Mr. N. Kunjuraman]

(b) No; but provision has been made for the teaching of English in all the schools;

(c) No; In some schools such teachers have been asked to teach English as a provisional arrangement;

(d) Yes;

(e) E. S. L. C. or equivalent qualification.

MR. K. S. JOSEPH: പ്രൈമറി സെക്ഷനിൽ 8-ാം ക്ലാസുവരെ സ്കൂൾഫൈനൽ പാസായിട്ടുള്ളവർ പഠിപ്പിക്കുന്നുണ്ടെന്നതും അവരെ ഇംഗ്ലീഷു ടീച്ചേർസ് ആക്കാതെ എം. എച്ച്. കാരേയും വി. എച്ച് കാരേയും ഇംഗ്ലീഷു ടീച്ചേഴ്സ് ആക്കുന്നതു് നല്ലതാണെന്നു തോന്നുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN: അങ്ങിനെയുണ്ടെങ്കിൽ അതേപ്പറ്റി ശ്രദ്ധിക്കാം.

MR. CHIDAMBARANATHA NADAR: E. S. L. C பாசான ஒரு உபாத்தியாயரைப் போல்பாசானவர்களுக்கும் சம்பளம் கொடுக்கப்படுகிறதா?

HON'BLE MR. N. KUNJURAMAN: ഈ. എസ്സ്. എൽ. സി-ക്കാർ പഠിപ്പിക്കേണ്ട ചില സന്ദർഭങ്ങളിൽ പരീക്ഷായോഗ്യതയുള്ളവരില്ലെങ്കിൽ എം. എച്ച്-കാരേയും ഇംഗ്ലീഷ് പഠിപ്പിക്കാൻ അനുവദിക്കുന്നുണ്ടെന്നു മാത്രമേയുള്ളൂ.

MR. A. CHIDAMBARANATHA NADAR: I. H., V. H., இந்த இரண்டு வாத்தியார்களுக்கும் ஒரே முறையில் சம்பளம் கொடுக்கப்படுகிறதா?

HON'BLE MR. N. KUNJURAMAN: അതൊരു താൽക്കാലിക നടപടിയായിട്ടുമാത്രമാണ് സ്വീകരിച്ചിട്ടുള്ളതു്.

MR. G. CHANDRASEKHARA PILLAI: ഒന്നിൽ കൂടുതൽ സ്കൂളുകളിൽ പഠിപ്പിക്കാൻ നിയോഗിക്കപ്പെടുന്ന വാദ്ധ്യാന്മാർക്ക് അലവൻസു വല്ലതും കൊടുക്കുന്നുണ്ടോ?

HON'BLE MR. N. KUNJURAMAN: ഇല്ല.

MR. G. CHANDRASEKHARA PILLAI: അവർക്ക് സൈക്കിളെങ്കിലും കൊടുക്കുന്നുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

HON'BLE MR. N. KUNJURAMAN : ഇല്ല.

MR. G. CHENDRASEKHARA PILLAI : പിന്നെ ഏതുകൊണ്ടാണ് സ്റ്റേറ്റ് കണ്ടിക്ക് അവരുടെ ലിസ്റ്റിനെ പരിഗണിക്കാൻ സാധിക്കും ?

HON'BLE MR. N. KUNJURAMAN : അവരുടെ സീനിയോറിറ്റി പരിഗണിച്ചാണ് നിയമനം നടത്തുന്നത്.

MR. A. CHIDAMBARANATHA NADAR : [illegible]

HON'BLE MR. N. KUNJURAMAN : നാലാമത്തെ ചോദ്യം ഒന്നാമതു്.

MR. VARGHESE AUGUSTINE (*Ambulapuzhalil—General*) : ഇ. എസ്. എൽ. സി. പരീക്ഷ കഴിഞ്ഞവരെയാണോ അതോ ഡിഗ്രി കഴിഞ്ഞവരെയാണോ നിയമിക്കുന്നതു് ?

HON'BLE MR. N. KUNJURAMAN : അതല്ല.

MR. A. CHIDAMBARANATHA NADAR E. S. L. C. [illegible]

HON'BLE MR. N. KUNJURAMAN : നിലവിലുള്ള ആളുകളിൽനിന്നാണ്.

Electric Heater.

*585. MR. A. CHIDAMBARANATHA NADAR Will the Hon'ble Prime Minister be pleased to state :

(*a*) whether the Ex-Prime Minister placed an order for an electric heater ;

(*b*) if so, when did it reach the State ;

(*c*) its price and its transport charges ; and

(*d*) under whose custody the heater is at present ?

HON'BLE MR. K. R. ELANKATH : (*a*) No.

(*b*), (*c*) & (*d*). The questions do not arise in view of the answer to (a).

Stenographers in the Secretariat.

*586. MR. MALKUZHI M. MADHAVAN (*Chirayinkil III—General*) : Will the Hon'ble Prime Minister be pleased to state :

(*a*) the number of Stenographers in the Secretariat with their names, dates of appointment and confirmation ; and

(*b*) whether they are confirmed according to their seniority in service and if not why not ?

LIBRARY ARCHIVES Kerala Legislative Assembly